GOVT. BRENNEN COLLEGE CENTRAL LIBRARY THALASSERY



Reg. No.: ..............................

Name : ..................................

## VI Semester B.A. Degree (CCSS – Reg./Supple./Improv.) Examination, May 2014
## CORE COURSE IN MALAYALAM
### 6 B 14 MAL : പരിസ്ഥിതി, ദളിത്, സ്ത്രീവാദം

Time : 3 Hours | Max.Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് 1. **(4×1=4 വെയിറ്റേജ്)**

1) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കളുടെ പേരെഴുതുക.
   a) ആലാഹയുടെ പെൺമക്കൾ
   b) കൊച്ചരേത്തി
   c) ചാവ് മഴകൾ
   d) എന്റെ കഥ

2) ''നെഞ്ചിലടിച്ചലറി, കൊടുങ്കാറ്റുപോലെ കിഞ്ഞിക്കണ്ണി കുതിച്ചുപാഞ്ഞു''.
   a) എന്താണ് കാരണം ?
   b) അതിന് ഉത്തരവാദി ആര് ?
   c) ഏത് കഥയിലെ വാക്യം ?
   d) കഥാകൃത്ത് ആര് ?

3) ''ഹാ! എന്തൊരുയർച്ച! പത്തു ജന്മം കഴിഞ്ഞാൽ കൈവരാൻ വഴിയില്ലാത്ത ഭാഗ്യം''.
   a) ആരുടെ വിചാരം ?
   b) വിചാരത്തിന് കാരണം ?
   c) ഏത് കൃതി ?
   d) എഴുതിയത് ആര് ?

4) ''നിങ്ങളും ഞങ്ങളുമായ് തങ്ങളിൽ ഭേദമുള്ള
   സംഗതിയുരചെയ്താലും, ബ്രഹ്മജ്ഞനെന്നാകിൽ നീ''
   a) ആരുടെ വാക്കുകൾ ?
   b) ആരോടാണു പറയുന്നത് ?
   c) ഏതു കവിത ?
   d) ഭേദത്തിന് അടിസ്ഥാനമെന്ത് ?

5) പൂരിപ്പിക്കുക.

a) സൗന്ദര്യത്തിന്റെ വിപരീതം വൈരൂപ്യമല്ല ______________ ആണ് എന്നാണ്' ബൊറേവ് പറയുന്നത്.

b) കഥ ജീവിതത്തിൽ നിന്ന് അകന്നു തുടങ്ങിയത് ______________ ഘട്ടത്തിലായിരുന്നു.

c) ദൽഹി 1981 എന്ന കഥ ______________ ആണ് എഴുതിയത്.

d) സ്ത്രീകൾ ബോധത്തെ പിടിച്ചെടുക്കുന്നതോടൊപ്പം ______________ ഉം പിടിച്ചെടുക്കണമെന്ന് കരോളിൻ ബർക്ക് ആവശ്യപ്പെടുന്നു.

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) സാറാ ജോസഫിന്റെ കഥകളുടെ ഭാഷ വളരെയേറെ ഇന്ദ്രിയാധിഷ്ഠിതമാണ് – സമർത്ഥിക്കുക.

7) ''കുറ്റിപൊട്ടിയ വാനിറ്റി ബാഗും ഉള്ളാകെ നിറയുന്ന അസ്വസ്ഥതകളുമായി കലി പിടിച്ച പെണ്ണ് ഒന്നാം പണിവീടിന്റെ പടിയിറങ്ങി''. സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

8) 'ഉദ്യാനവിരുന്ന് ' എന്ന കവിതയുടെ സാരാംശം ചുരുക്കിയെഴുതുക.

9) ''മീനപ്പുലയൻ തീണ്ടിയതൊന്നും അരയൻ തൊടുകയില്ല; എല്ലാം കളഞ്ഞേച്ചു പോകണം''. സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

10) പരുഷ നാടകവേദിയെക്കുറിച്ച് കുറിപ്പെഴുതുക.

III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

11) ''ശാശ്വതവും ദിവ്യവുമായ പ്രേമത്തിന് നശ്വരമായ ശരീരത്തിന്റെയും ലൗകികമായ വിവാഹത്തിന്റെയും ആവശ്യമെന്താണ് ?'' സന്ദർഭമേത് ? ആശയം വിശദമാക്കുക.

12) ''നമ്മുടെ അടുക്കളയിൽ എന്തുവേവിച്ചെടുക്കണം എന്നു തീരുമാനിക്കാനുള്ള അവകാശം നമ്മളിൽ നിന്ന് എടുത്തു മാറ്റപ്പെട്ടിരിക്കുകയാണ് ''. സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

13) ആസന്നഭാവിയിലെ ആഗോള രാഷ്ട്രീയം പരിസ്ഥിതി രാഷ്ട്രീയമായിരിക്കാനാണ് ന്യായം'. ലേഖകന്റെ ഈ നിരീക്ഷണം ഇന്ന് എത്രമാത്രം യാഥാർത്ഥ്യമായിരിക്കുന്നു ? വിശദമാക്കുക.



14) ''അടുക്കളയിലെ തേഞ്ഞുതീരുന്ന വീട്ടുപകരണമാണു ഞാൻ'' ആരുടെ വാക്കുകൾ ? സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

15) ''അന്ന് അടുക്കളയുടെ ഇരുട്ടിൽ നിന്നുകൊണ്ട് അവൾ സന്തോഷാശ്രുക്കൾ പൊഴിച്ചു'' ആര് ? വ്യക്തമാക്കുക.

16) സ്ത്രീക്ക് ബുദ്ധി ഒരു ഭാരവും ബാദ്ധ്യതയുമാണോ ? 'പെൺബുദ്ധി' എന്ന കഥയെ ആധാരമാക്കി പരിശോധിക്കുക.

IV. **മൂന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

17) 'വന്നല' എന്ന നോവലിന് മലയാളത്തിലെ ദളിത് സാഹിത്യത്തിലുള്ള സ്ഥാനം എന്താണ് ? ഉപന്യസിക്കുക.

18) സ്ത്രീസമൂഹം നേരിടുന്ന എന്തെല്ലാം പ്രശ്നങ്ങളാണ് പെൺബുദ്ധി, കോലാട് എന്നീ രചനകൾ അവതരിപ്പിക്കുന്നത് ? വിശദമാക്കുക.

19) 'അമ്മയായ പ്രകൃതിയെ തിന്നുകൊണ്ടാണ് ആധുനിക വ്യവസായസംസ്കാരം വളരുന്നത്'. ഈ അഭിപ്രായത്തോട് നിങ്ങളെങ്ങനെ പ്രതികരിക്കുന്നു ? വിശദമാക്കുക.

20) മലയാളത്തിലെ ദളിത് സാഹിത്യത്തെക്കുറിച്ച് ഉപന്യസിക്കുക.

______________